"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ശ്രീമതി. ഗോപിക ഉദയൻ കെഎഎസ് - ന് "മാസ്റ്റേഴ്സ് ഇൻ ജെൻഡർ ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ്" കോഴ്സ് പൂർത്തീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.5447/2024/GAD തീയതി,തിരുവനന്തപുരം, 10-12-2024

---

പരാമർശം:-
1. സ.ഉ. (കൈ) നം. 6/2024/ഉ.ഭ.പ.വ. തീയതി, 07.06.2024.
2. സ.ഉ. (സാധാ) നം. 381/2024/ഉ.ഭ.പ.വ. തീയതി, 24.09.2024.
3. ശ്രീമതി. ഗോപിക ഉദയൻ കെഎഎസ് സമർപ്പിച്ച 21.11.2024 - ലെ അപേക്ഷ.

**ഉത്തരവ്**

ജൂലൈ 2022 - ൽ ഐ.എം.ജി. - യിൽ കെഎഎസ് പരിശീലനത്തിൽ പങ്കെടുക്കുന്ന സമയത്ത് ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ രണ്ടു വർഷത്തെ മാസ്റ്റേഴ്സ് ഇൻ ജെൻഡർ ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് (MAGD) കോഴ്സിൽ രജിസ്റ്റർ ചെയ്തിരുന്നുവെന്നും, വിദൂരവിദ്യാഭ്യാസം വഴി കോഴ്സുകൾ പഠിക്കുന്നതിന് സർക്കാർ അനുമതി വേണമെന്ന് അന്ന് അറിയില്ലായിരുന്നുവെന്നും, പരമാവധി നാല് വർഷക്കാലയളവിനുള്ളിൽ പൂർത്തിയാക്കേണ്ടതായിട്ടുള്ള പ്രസ്തുത കോഴ്സ് ഇതുവരെ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ അടുത്ത രണ്ട് വർഷത്തിനുള്ളിൽ കോഴ്സ് പൂർത്തിയാക്കുവാൻ അനുമതി നൽകണമെന്നും, അനുമതി തേടുന്നതിലുണ്ടായ കാലതാമസം മാപ്പാക്കണമെന്നും ശ്രീമതി. ഗോപിക ഉദയൻ കെഎഎസ് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴ്സിന് അനുമതി വാങ്ങുന്നതിലുണ്ടായ കാലതാമസം മാപ്പാക്കിക്കൊണ്ട്, ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ രണ്ടു വർഷത്തെ "മാസ്റ്റേഴ്സ് ഇൻ ജെൻഡർ ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് (MAGD)" കോഴ്സ് വിദൂരവിദ്യാഭ്യാസം വഴി പൂർത്തീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ അണ്ടർ സെക്രട്ടറി ആയി സേവനമനുഷ്ഠിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ശ്രീമതി. ഗോപിക ഉദയൻ കെഎഎസ് - ന് പരാമർശം (1), (2) ഉത്തരവുകളിലെ വ്യവസ്ഥകൾക്കു വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദിലീപ്.സി.ഡി

അഡിഷണൽ സെക്രട്ടറി

ശ്രീമതി. ഗോപിക ഉദയൻ കെഎഎസ്, അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.

പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 10-12-2024 15:43:33
സെക്ഷൻ ഓഫീസർ